## “ഓപ്പറേഷൻ റേഞ്ചർ” – തൃശ്ശൂർ റൂറൽ ജില്ലയിലെ ഗുണ്ടാകേന്ദ്രങ്ങളിൽ റേഡ്

തൃശ്ശൂർ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിലെ ഗുണ്ടകളുടെയും സാമൂഹ്യ വിരുദ്ധരുടെയും പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനും അതുവഴി പൊതുസമാധാനം നില നിറുത്തുന്നതിനും, ജനങ്ങളുടെ സൈ്വര്യ ജീവിതം ഉറപ്പാക്കുന്നതിനുമായുള്ള തൃശ്ശൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എസ്. സുരേന്ദ്രൻ . ഐ.പി.എസ്സ് ന്റെ “ഓപ്പറേഷൻ റേഞ്ചർ“ പദ്ധതിയിലെ മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ച് 13, 14.10.2020 തിയ്യതികളിൽ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. വിശ്വനാഥ്. ആർ ഐ. പി. എസ്സ് ന്റെ നേതൃത്വത്തിൽ ക്രിമിനലുകളും, ഗുണ്ടകളും, സാമൂഹ്യ വിരുദ്ധരും തമ്പടിച്ച് വരുന്ന കേന്ദ്രങ്ങളിലും, ഒളികേന്ദ്രങ്ങളിലും. മറ്റും 44 ഓളം റെയ്ഡുകളും. പരിശോധനകളും നടത്തിയിട്ടുള്ളതാണ്.

- പരിശോധനകളിൽ, ചാലക്കുടി പോലീസ് സ്റ്റേഷൻ പരിധിയിലെ ഷൈജു @ മുട്ടൻ ഷൈജു എന്നയാളുടെ താമസസ്ഥലത്ത് നിന്നും പന്നിപ്പടക്കം, ഗഞ്ചാവ്, വാൾ മുതലായവയവ കണ്ടെടുത്തിട്ടുള്ളതും,
- കൈപ്പമംഗലം പോലീസ് സ്റ്റേഷൻ പരിധിയിലെ ധനേഷ് എന്നയാളുടെ താമസസ്ഥലത്ത് നിന്നും കുറ്റകൃത്യത്തിന് ഉപയോഗിക്കുന്ന സ്റ്റീൽ കത്തി ഉൾപ്പെടെ ടിയാനെ പടികൂടിയിട്ടുള്ളതും,
- അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ മാമ ബഷീർ എന്നയാളുടെ താമസസ്ഥലത്ത് നിന്നും വാൾ, മഴു മുതലായവയും കണ്ടെടുത്ത് അറസ്റ്റ് ചെയ്തിട്ടുള്ളതും,
- കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയലെ ഷാജി @ ബോംബെ തലയൻ എന്നയാളെ 1.125 കി.ഗ്രാം. ഗഞ്ചാവ് ഉൾപ്പെടെ പിടികൂടിയിട്ടുള്ളതും,
- ഇരിഞ്ഞാലാക്കട പോലീസ് സ്റ്റേഷൻ പരിധിയിലെ അഭിനന്ദ്, ബിനു സന്തോഷ്, ഫാസിൽ എന്നിവരുടെ വീട്ടുകളിലും പരിസരങ്ങളിലും പരിശോധന നടത്തിയതിൽ നാല് നാടൻ ബോംബുകളും , സ്ഫോടക വസ്തുക്കളും കണ്ടെത്തിയിരുന്നതും, ആയുധങ്ങളും സ്ഫോടക വസ്തുക്കളും മറ്റും കണ്ടെത്തിയ കാര്യത്തിന് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

## വാറണ്ട് പ്രതി പിടിയിൽ.

മാള പോലീസ് സ്റ്റേഷനിൽ 2015, 2019 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത രണ്ട് കേസ്സുകളിൽ ഉൾപ്പെട്ട് കോടതി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച പ്രശാന്ത് എന്നയാളെ ഓപ്പറേഷൻ റേഞ്ചർ ഭാഗമായി മാള ഇൻസ്പെക്ടറും പോലീസ് പാർട്ടിയും നടത്തിയ റേഡിൽ കുഴിക്കാട്ടുശ്ശേരിയിലുള്ള വീട്ടിൽ നിന്നും പിടികൂടിയിട്ടുള്ളതാണ്.

## മുൻകരുതൽ അറസ്റ്റ്.

വിവിധ സ്റ്റേഷൻ പരിധികളിലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവ രുന്നവരും, കൊലപാതകം ഉൾപ്പെടെ നിരവധി കേസ്സുകളിൽ ഉൾപ്പെട്ടവരുമായ 1. പുതുക്കാട് പോലീസ് സറ്റേഷൻ പരിധിയിലെ ചീരാപ്പി മനോജ് 2. രഞ്ജിത്ത് 3. കുഞ്ഞുകുട്ടപ്പൻ എന്നുവിളിക്കുന്ന ബൈജു 4. റിന്റോ 5. വിശാഖ്, ആളൂർ സ്റ്റേഷൻ

പരിധിയിലെ 1. നിഷാദ്, 2. സ്റ്റെഫിൻ എന്നിവർ തുടങ്ങി 26 പേരെ കരുതൽ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഡി.വൈ.എസ്.പി.മാരും, സ്റ്റേഷൻ ഹൗസ് ഓഫീസർമാരുമാണ് ഈ റേയ്ഡുകൾക്ക് നേതൃത്വം നൽകിയിട്ടുള്ളത്.

